# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Januvary 13 - 2009


## മഞ്ഞനിക്കര പെരുന്നാൾ ഫെബ്രുവരി 13, 14 തീയതികളിൽ
## മോർ സേവേറിയോസ് മൽക്കി മുറാദ് പാത്രിയർക്കാ പ്രതിനിധി



പ. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 77-ാമത് ദുഖ്റോനോ പെരുന്നാൾ ഫെബ്രുവരി 8 മുതൽ 14 വരെ മഞ്ഞനിക്കര ദയറായിൽ ആചരിക്കും. ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായും, പ. പാത്രിയർക്കീസ് ബാവായുടെ പ്രത്യേക ശ്ലൈഹീക പ്രതിനിധി യെരുശലേം ജോർദ്ദാൻ മെത്രാപ്പോലീത്ത മോർ സേവേറിയോസ് മൽക്കി മുറാദ് മെത്രാപ്പോലീത്തായും സഭയിലെ മറ്റ് മെത്രാപ്പോലീത്തന്മാരും പെരുന്നാളിന് നേതൃത്വം നൽകും. 2009 ഫെബ്രുവരി 8 ഞായറാഴ്ച പാത്രിയർക്കാ ദിനമായി ആചരിക്കും. രാവിലെ 8ന് യൂഹാനോൻ മോർ മിലിത്തിയോസ്, ഗീവർഗീസ് മോർ അത്തനാസിയോസ്, മാത്യൂസ് മോർ തേവോദോസിയോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന നടക്കും. 6.30ന് ഓമല്ലൂർ കുരിശുതൊട്ടിയിലെ കൊടിമരത്തിൽ ദയറാ തലവൻ ഗീവർഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത പാത്രിയർക്കാ പതാക ഉയർത്തും. 9-ാം തീയതി രാവിലെ 7.30ന് വി. കുർബ്ബാന വൈകിട്ട് 7.30ന് കൺവൻഷൻ ഉത്ഘാടനം, ഗീവർഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, ആമുഖപ്രസംഗം മോർ അത്തനാസിയോസ് ഗീവർഗീസ് മെത്രാപ്പോലീത്ത, പ്രസംഗം ഫാ. തോമസ് ഏബ്രഹാം നേര്യന്ത്ര, തിരുവാർപ്പ്

10-ാം തീയതി രാവിലെ 7.30ന് വി. കുർബ്ബാന, വൈകിട്ട് 7.30ന് പ്രസംഗം ഫാ. റോയി ജോർജ്ജ് കട്ടച്ചിറ 11-ാം തീയതി രാവിലെ 7.30ന് വി. കുർബ്ബാന 10ന് ധ്യാനം ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ, വൈകിട്ട് 7.30ന് പ്രസംഗം ഫാ. ജേക്കബ് പുത്തൻപുരയ്ക്കൽ. 12-ാം തീയതി വ്യാഴം രാവിലെ 7.30ന് വി. കുർബ്ബാന വൈകിട്ട് 6ന് സൗജന്യ വസ്ത്രവിതരണം സാബു ഇടിക്കുള ഡി വൈ എസ് പി പത്തനംതിട്ട, 7.30ന് പ്രസംഗം ഫാ. ബിനോ ഫിലിപ്പ് മൂഴിപ്പറമ്പിൽ. 13-ാം തീയതി വെള്ളി രാവിലെ 7.30ന് വി. മൂന്നിന്മേൽ കുർബ്ബാന അഭി. തിരുമേനിമാരുടെ കാർമ്മികത്വത്തിൽ. 3.30ന് കാൽനട തീർത്ഥയാത്രയ്ക്ക് ഓമല്ലൂർ കുരിശിൻതൊട്ടിയിൽ ദയറായുടെയും മോർ സ്തേഫാനോസ് പള്ളിയുടെയും ആഭിമുഖ്യത്തിൽ സ്വീകരണം. 4.30ന് കാൽനടതീർത്ഥയാത്രയ്ക്ക് മഞ്ഞനിക്കര ദയറായിൽ സ്വീകരണം. 6.00ന് കാൽനടതീർത്ഥയാത്രസമാപന സമ്മേളനം. സ്വാഗതം മോർ ദിവന്നാസിയോസ് ഗീവർഗീസ് മെത്രാപ്പോലീത്ത, അദ്ധ്യക്ഷൻ ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ, ഉത്ഘാടനം മന്ത്രി മാത്യു റ്റി. തോമസ്, അനുഗ്രഹപ്രഭാക്ഷണം മോർ സേവേറിയോസ് മൽക്കി മുറാദ് മെത്രാപ്പോലിത്ത മുഖ്യ പ്രസംഗം ഡോ. യൂഹാനോൻ പീലക്സിനോസ് മെത്രാപ്പോലീത്ത, സെന്റ് ഏലിയാസ് തൃതീയൻ സ്വർണ്ണ മെഡൽദാനം കുറിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലിത്ത, അവാർഡ് ദാനം യൂഹാനേൻ മോർ മിലിത്തിയോസ് മെത്രാപ്പോലിത്ത.

14 ശനി രാവിലെ 3ന് സ്തേഫാനോസ് പള്ളിയിൽ യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാന, 5.30ന് ദയറാപള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മിത്വത്തിലും, കുറിയാക്കോസ് മോർ ഈവാനിയോസ്, പൗലോസ് മോർ ഐറേനിയോസ് എന്നീ മെത്രാപ്പോലീത്താന്മാരുടെ സഹ കാർമ്മികത്വത്തിലും വി. മൂന്നിന്മേൽ കുർബ്ബാന. 8.30ന് പ. പാത്രിയർക്കീസ് ബാവായുടെ പ്രത്യേക പ്രതിനിധി മോർ സേവേറിയോസ് മൽക്കി മുറാദ് മെത്രാപ്പോലീത്തായുടെ പ്രാധാന കാർമ്മികത്വത്തിൽ വി. കുർബ്ബാന, 10.30ന് പ്രദക്ഷിണം എന്നിവയോടുകൂടി പെരുന്നാൾ ചടങ്ങുകൾ സമാപിക്കും.